ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) സംസ്ഥാനത്ത് പല ഔഷധസസ്യങ്ങളും വിരളമായിക്കൊണ്ടിരിക്കുകയാണ്. ഔഷധസസ്യങ്ങളുടെ പേറ്റന്റുകൾ വിദേശരാഷ്ട്രങ്ങളോ, കുത്തകകമ്പനികളോ കൈക്കലാക്കിയതായി അറിവില്ല. എന്നാൽ വേപ്പ്, മഞ്ഞൾ, ആവണക്ക്, ചുക്ക്, വത്സനാഭി തുടങ്ങിയ 5-ൽപ്പരം സസ്യഔഷധങ്ങളുടെ മൂലികകളായി 200-ൽപ്പരം പേറ്റന്റുകൾ വിദേശരാജ്യങ്ങൾ എടുത്തിട്ടുള്ളതായി അറിയുന്നു. ഇന്ത്യാഗവൺമെന്റ് ഇതിനെതിരായി ബന്ധപ്പെട്ട കോടതിയിൽ കേസുകൾ ഫയൽ ചെയ്യുകയും ചിലമരുന്നുകളുടെ വിദേശപേറ്റന്റുകൾ റദ്ദാക്കുകയും ചെയ്തിട്ടുള്ളതായും അറിയുന്നു.

(ബി) ആരോഗ്യവകുപ്പിൽ നിന്നും പ്രത്യേക പഠനം നടത്തിയിട്ടില്ല.

(സി) ആരോഗ്യവകുപ്പ് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ആരോഗ്യവകുപ്പ് തിട്ടപ്പെടുത്തിയിട്ടില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ വിരളമായിക്കൊണ്ടിരിക്കുന്ന ഔഷധസസ്യങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.†

(ഇ) ആരോഗ്യവകുപ്പിൽ നിന്നും സമീപിച്ചിട്ടില്ല.

ക്രിമീലെയർ വിഭാഗത്തിന്റെ വാർഷിക വരുമാന പരിധി

27 (*27) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രിമീലെയർ വിഭാഗത്തിന്റെ വാർഷിക വരുമാന പരിധി മൂന്നു ലക്ഷമായി ഉയർത്തുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനം കൈക്കൊണ്ടത് എന്നാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്രിമീലെയർ വിഭാഗത്തിന്റെ വരുമാനപരിധി ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) വാർഷിക വരുമാന പരിധി മൂന്നു ലക്ഷമായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുമോ ; വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) 27-5-2000-ൽ

(ബി&സി) വരുമാന പരിധി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് 27-5-2000-ൽ പുറത്തിറക്കി. ആയതിന് നിയമപ്രാബല്യം നൽകിക്കൊണ്ട് 12-6-2000-ൽ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി.

† അനുബന്ധം - III

LIBRARY ARCHIVES Kerala Legislative Assembly